"ഭരണഭാഷ- മാതൃഭാഷ"

**കേരള സർക്കാർ**

**<u>സംഗ്രഹം</u>**

തദ്ദേശ സ്വയംഭരണ വകുപ്പ് - മുഖ്യമന്ത്രിയുടെ തദ്ദേശ റോഡ് പുനരുദ്ധാരണ പദ്ധതി (സി.എം.എൽ.ആർ.ആർ.പി) യിൽ ഉൾപ്പെട്ട പൂർത്തീകരിക്കാൻ അവശേഷിക്കുന്ന പ്രവൃത്തികളുടേയും ടി പ്രവൃത്തികളുടെ ഗുണനിലവാര പരിശോധന നടത്തുന്ന ജില്ലാ തലത്തിലെ സാങ്കേതിക സമിതിയിലെ റിട്ട. സൂപ്രണ്ടിങ് എഞ്ചിനീയർമാരുടേയും കാലാവധി - ദീർഘിപ്പിച്ച് നൽകി ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

**തദ്ദേശ സ്വയംഭരണ(പി.പി)വകുപ്പ്**

സ.ഉ.(കൈ) നം.182/2023/LSGD തീയതി,തിരുവനന്തപുരം, 13-10-2023

---

പരാമർശം:-

1. 09.01.2020 തീയതിയിലെ സ.ഉ.(കൈ) നം.13/2020/ത.സ്വ.ഭ.വ
2. 04.05.2020 തീയതിയിലെ സ.ഉ.(സാധാ)നം.818/2020/ത.സ്വ.ഭ.വ
3. 24.12.2020 തീയതിയിലെ സ.ഉ.(കൈ)നം.200/2020/ത.സ്വ.ഭ.വ
4. 30.10.2021 തീയതിയിലെ സ.ഉ.(സാധാ)നം. 2149/2021/ ത.സ്വ.ഭ.വ
5. 19.09.2022 തീയതിയിലെ സ.ഉ.(കൈ) നം.215/2022/ത.സ്വ.ഭ.വ
6. 11.01.2023 തീയതിയിലെ പ്രയോറിറ്റി പ്രോജക്ട്സ് (ബാച്ച് III) റിവ്യൂ മീറ്റിംഗിന്റെ നടപടികുറിപ്പ്.
7. 16.03.2023 തീയതിയിലെ സ.ഉ.(സാധാ)നം. 621/2021/ ത.സ്വ.ഭ.വ
8. തദ്ദേശ സ്വയംഭരണ വകുപ്പ് ചീഫ് എഞ്ചിനീയറുടെ 21.03.2023, 25.03.2023, 11.07.2023, 05.08.2023 തീയതികളിലെ No.LSGD/PD/163359/2023-DB4 കത്തുകൾ.

**<u>ഉത്തരവ്</u>**

പരാമർശം (1),(3) സർക്കാർ ഉത്തരവുകൾ പ്രകാരം ബഹു.മുഖ്യമന്ത്രിയുടെ ദുരിതാശ്വാസ നിധിയിൽ നിന്നും മുഖ്യമന്ത്രിയുടെ തദ്ദേശ റോഡ് പുനരുദ്ധാരണ പദ്ധതിക്കായി (സി.എം.എൽ.ആർ.ആർ.പി) 1000 കോടി രൂപ അനുവദിച്ച് ഉത്തരവായിരുന്നു. സി.എം.എൽ.ആർ.ആർ.പി പ്രവൃത്തികളുടെ ഗുണനിലവാരം ഉറപ്പുവരുത്തുന്നതിനായി ജില്ലാ തലത്തിൽ ഒരു റിട്ട. സൂപ്രണ്ടിംഗ് എഞ്ചിനീയർ ഉൾപ്പെടുന്ന ജില്ലാതല സാങ്കേതിക സമിതി (DLTC) രൂപീകരിക്കുന്നതിന് പരാമർശം (2) പ്രകാരം ഉത്തരവായിരുന്നു. പരാമർശം (7) പ്രകാരം ജില്ലാതല സാങ്കേതിക സമിതിയിലെ റിട്ട. സൂപ്രണ്ടിംഗ് എഞ്ചിനീയർമാർക്ക് 2023 മാർച്ച് 31 വരെ കാലാവധി നീട്ടി നൽകി ഉത്തരവായിരുന്നു.

11.01.2023 ലെ പ്രയോറിറ്റി പ്രോജക്ട്സ് (ബാച്ച് III) റിവ്യൂ മീറ്റിംഗിന്റെ സൂചന (6) ലെ നടപടികുറിപ്പ് പ്രകാരം സി.എം.എൽ.ആർ.ആർ.പി യിൽ ഉൾപ്പെട്ട എല്ലാ പ്രവൃത്തികളും 2023 മാർച്ച് 31 നകം പൂർത്തീകരിക്കണമെന്ന് നിർദ്ദേശിച്ചിരുന്നു.

തുടർന്ന് മുഖ്യമന്ത്രിയുടെ തദ്ദേശ റോഡ് പുനരുദ്ധാരണ പദ്ധതിയിൽ ഉൾപ്പെടുത്തി ഭരണാനുമതി നൽകിയ പ്രവൃത്തികളിൽ 2023 മാർച്ച് 31 ന് ശേഷവും പൂർത്തീകരിക്കാതെ അവശേഷിക്കുന്ന പ്രവൃത്തികളുടെ കാലാവധിയും സി.എം.എൽ.ആർ.ആർ.പി പ്രവൃത്തികളുടെ ഗുണനിലവാരം പരിശോധിക്കുന്നതിനായി രൂപീകരിച്ച ജില്ലാ തലത്തിലെ സാങ്കേതിക സമിതിയിലെ റിട്ട. സൂപ്രണ്ടിങ് എഞ്ചിനീയർമാരുടെ കാലാവധിയും നീട്ടി നൽകുന്നതിന് പരാമർശം (8) പ്രകാരം തദ്ദേശ സ്വയംഭരണ വകുപ്പ് ചീഫ് എഞ്ചിനീയർ ശിപാർശ സമർപ്പിച്ചു.

സർക്കാർ ഈ വിഷയം വിശദമായി പരിശോധിച്ചു. മുഖ്യമന്ത്രിയുടെ തദ്ദേശ റോഡ് പുനരുദ്ധാരണ പദ്ധതിയിൽ പൂർത്തീകരിക്കാൻ അവശേഷിക്കുന്ന പ്രവർത്തികളുടെ കാലാവധി, ഇനിയും ദീർഘിപ്പിച്ചുനൽകുന്നതല്ലെന്ന നിബന്ധനയോടെ, 2024 മാർച്ച് 31 വരെ നീട്ടിനൽകി ഉത്തരവാകുന്നു. ടി പ്രവൃത്തികളുടെ ഗുണനിലവാരം പരിശോധന നടത്തുന്ന ജില്ലാ തലത്തിലെ സാങ്കേതിക സമിതിയിലെ റിട്ട. സൂപ്രണ്ടിങ് എഞ്ചിനീയർമാരുടെ കാലാവധിയും ഇതേ കാലയളവ് വരെ നീട്ടിനൽകി ഉത്തരവാകുന്നു.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)
ശാരദ മുരളീധരൻ ഐ എ എസ്
അഡീഷണൽ ചീഫ് സെക്രട്ടറി

പ്രിൻസിപ്പൽ ഡയറക്ടർ, തദ്ദേശ സ്വയംഭരണ വകുപ്പ്.

ഡയറക്ടർ, നഗരകാര്യം

ഡയറക്ടർ, പഞ്ചായത്ത്

ചീഫ് എഞ്ചിനീയർ, തദ്ദേശസ്വയംഭരണ വകുപ്പ് തിരുവനന്തപുരം.

ധനകാര്യ വകുപ്പ്

റവന്യൂ വകുപ്പ്

പൊതുഭരണ (എ.സി) വകുപ്പ് (തീയതി ............ ഇനം...............)

പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (എ&ഇ/ആഡിറ്റ്) കേരള, തിരുവനന്തപുരം

എക്സിക്യൂട്ടീവ് ഡയറക്ടർ,ഐ.കെ.എം.

വിവര-പൊതുജന സമ്പർക്ക വകുപ്പ് (വെബ് & ന്യൂ മീഡിയ)

കരുതൽ ഫയൽ/ഓഫീസ് കോപ്പി

ഉത്തരവിൻ പ്രകാരം

Signed by
Manju l s
സെക്ഷൻ ഓഫീസർ
Date: 13-10-2023 11:46:01